India Media Monitor

# KeralaKamudi

## Save Doctors

**Date: 31/07/2013 | Edition: Bangalore | Page: 2 | Source: Bureau | Clip size (cm): W: 13 H: 16**






എ. എച്ച്. പി. ഐ ട്രഷറർ ഡോ. ദേവിഷെട്ടി സേവ് ഡോക്ടർ പ്രസ്ഥാനത്തിന്റെ യോഗത്തിനിടയിൽ മെഡിക്കൽ വിദ്യാർത്ഥികളുമായി സംസാരിക്കുന്നു

# സേവ് ഡോക്ടർ പരിപാടിക്ക് തുടക്കം കുറിച്ചു

ബാംഗ്ളൂർ: നിർബന്ധിത ഗ്രാമീണ സേവനം നടത്തുന്ന മെഡിക്കൽ ബിരുദധാരികൾക്ക് പരിചയത്തിന്റേയും പരിശീലനത്തിന്റേയും അടിസ്ഥാനത്തിൽ ബിരുദാനന്തര ബിരുദം നൽകണമെന്നാവശ്യപ്പെട്ട് രാജ്യത്താകമാനം മെഡിക്കൽ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ബാംഗ്ളൂരിൽ സേവ് ഡോക്ടർ പരിപാടി നടത്തി. സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും അസോസിയേഷൻ ഓഫ് ഹെൽത്ത് പ്രൊവൈഡേഴ്സ് ഇന്ത്യ( എ. എച്ച് പി. ഐ)യും രംഗത്തെത്തി.

ബാംഗ്ളൂരിൽ നടത്തിയ ചടങ്ങിൽ എ. എച്ച്. പി. ഐ ട്രഷറർ ഡോ. ദേവിഷെട്ടി, ഐ. എം. എ സെക്രട്ടറി നരേന്ദ്ര സാനി, സമരസമിതി നേതാവ് ഡോ. നവനീത് തുടങ്ങിയവർ പങ്കെടുത്തു.